**<u>ക്ഷേമ പെൻഷനുകളുടെ വിതരണം</u>**

2360. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഏത് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്;

(ബി) ക്യാബിനറ്റിൽ ഏറ്റവും ഒടുവിൽ ക്ഷേമ പെൻഷനുകൾ പരിഷ്കരിച്ച് തീരുമാനമെടുത്തത് എന്നാണെന്നും പരിഷ്കരിച്ച നിരക്ക് എത്രയാണെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിരക്കുകൾ പുതുക്കിയിട്ടുണ്ടോ; എങ്കിൽ പുതുക്കിയ നിരക്ക് എത്രയാണ്?